49 (215) **കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ: മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ എത്രവീതം നൽകിവരുന്നുണ്ട്;

(ബി) ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ ഏതെല്ലാം; ഇവ എത്രമാത്രം വർദ്ധിപ്പിച്ചുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) വിവിധ ക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത്മൊത്തം എത്ര പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (1) പെൻഷൻ 150/-രൂപ മുതൽ 180/- രൂപ വരെ.

(2) മരണാനന്തര ആനുകൂല്യം 15,000/- രൂപ, അപകട മരണം 50,000/- രൂപ.

(3) അപകടമോ അസുഖമോ മൂലം അവശത അനുഭവിക്കുന്നവരുടെ ചികിൽസക്ക് എക്സ്ഗ്രേഷ്യാ ധനസഹായം പരമാവധി 1000/- രൂപ.

(4) പ്രസവകാല ധനസഹായം 1000/- രൂപ.

(5) മക്കൾക്ക് കൃാഷ് അവാർഡ് (500, 750, 1000). സ്കോളർഷിപ്പ് 500 രൂപ മുതൽ 2000 രൂപ വരെ.

(6) മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 1000/- രൂപ.

(7) മാരകരോഗങ്ങളുടെ ചികിൽസയ്ക്കും ശസ്ത്രക്രിയയെ തുടർന്നുള്ള ചികിൽസയ്ക്കും ധനസഹായം 200 രൂപ മുതൽ 5000 രൂപ വരെ.

(8) വിവാഹ ധനസഹായം - 2000 രൂപ

(9) അവശതാ പെൻഷൻ - 150 രൂപ

(10) കുടുംബ പെൻഷൻ - 100 രൂപ

(11) ഭവനനിർമ്മാണ വായ്പ - 50,000 രൂപ

(12) ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ - 5,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആനുകൂല്യങ്ങൾ മിക്കവയും വർദ്ധിപ്പിക്കുന്നതിനുള്ള ബോർഡ് യോഗ തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 17872 പേർക്ക്

(ഡി)	അംഗങ്ങൾക്ക് പെൻഷൻ	-	17872
	അവശതാ പെൻഷൻ	-	139
	കുടുംബ പെൻഷൻ	-	196
	ആകെ	-	18,207

50 (216) ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബോർഡു വഴി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകി തുടങ്ങിയോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് നൽകുന്നതെന്നും ഇതിനുള്ള നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ എത്ര തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)(സി)&(ഡി) 15.3.99-ൽ ആണ് ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. ചീഫ് ഓഫീസിന്റെയും, ക്ഷേമനിധിയുടേയും ഔപചാരികമായ ഉദ്ഘാടനം ഈ മാസം 5-ാം തീയതി ആയിരുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷനുൾപ്പെടെയുള്ള കാര്യങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുള്ളൂ.

51 (217) കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾ

ശ്രീ. എം. മുരളി :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ രംഗത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും എത്ര തൊഴിലാളികൾ വീതം പണിയെടുക്കുന്നു;

(ബി) കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനുമായി സർക്കാർ ഈ ഓരോ മേഖലയ്ക്കും എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly